പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :4775 22.03. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. പെൻഷൻ

ചോദ്യം

ശ്രീ.പി.സി.ജോർജ്ജ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി - യിൽ ഒരു മാസം പെൻഷൻ നൽകുന്നതിലേയ്ക്ക് എത്ര കോടി രൂപയാണ് ചെലവിടുന്നത്; ഈ തുക എത്ര പെൻഷനേഴ്സാണ് വിനിയോഗിക്കുന്നത്; എണ്ണം വിശദമാക്കുമോ; | (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പെൻഷൻ വിതരണത്തിനായി ഒരുമാസം ഏകദേശം 88 കോടിയോളം രൂപയാണ് വിനിയോഗിക്കുന്നത്. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്ന് ഒരു മാസം പെൻഷൻ വാങ്ങുന്നവരുടെ എണ്ണം 33,363 ആണ്. |
| (ബി) ഇതിൽ ഏറ്റവും കൂടുതൽ പെൻഷൻ വാങ്ങുന്ന പെൻഷനർതസ്തിക ഏതാണെന്നും പെൻഷൻ തുക മാസം എത്രയാണെന്നും അറിയിക്കുമോ; | (ബി) ഏറ്റവും കൂടുതൽ പെൻഷൻ വാങ്ങുന്ന പെൻഷനർ തസ്തിക ചീഫ് എൻജിനീയർ ആണ്. ഏറ്റവും കൂടിയ പ്രതിമാസ പെൻഷൻ തുക 58,040/- രൂപയും അതിന്റെ ക്ഷാമബത്തയും. |
| (സി) ഏറ്റവും കുറവ് പെൻഷൻ വാങ്ങുന്ന തസ്തിക ഏതാണെന്നും പെൻഷൻ തുക മാസം എത്രയാണെന്നും അറിയിക്കുമോ; | (സി) ഏറ്റവും കുറവ് പെൻഷൻ വാങ്ങുന്ന തസ്തിക പാർട്ട് ടൈം സ്വീപ്പർ. ഏറ്റവും കുറഞ്ഞ പ്രതിമാസ പെൻഷൻ തുക 4,400/- രൂപയും അതിന്റെ ക്ഷാമബത്തയും. |
| (ഡി) കെ.എസ്.ഇ.ബി - യിൽ ശമ്പളയിനത്തിൽ മാസം ചെലവിടുന്ന തുക എത്ര കോടിയാണെന്നും ഇത് എത്ര ഉദ്യോഗസ്ഥർക്കാണ് കൊടുക്കുന്നതെന്നുംവിശദമാക്കുമോ; | (ഡി) 2018 ജനുവരി മാസം ഹ്യൂമൻ റിസോഴ്സ് ഇൻഫർമേഷൻ സിസ്റ്റം (HRIS)-ലെ കണക്ക് പ്രകാരം ശമ്പളയിനത്തിൽ മാസം ചെലവിടുന്ന തുക 193.83 കോടി രൂപയാണ്. ഇത് 33863 ഉദ്യോഗസ്ഥർക്കാണ് കൊടുക്കുന്നത്. |
| (ഇ) പ്രസ്തുത സ്ഥാപനത്തിന്റെ ഒരു മാസത്തെ വരുമാനം എത്ര കോടിയാണെന്നും ഏതൊക്കെ പദ്ധതികളിൽ നിന്നുമാണ് പ്രസ്തുത വരുമാനം ലഭിക്കുന്നതെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (ഇ) വൈദ്യുതി വിൽപ്പനയിലൂടെയും അതുമായി ബന്ധപ്പെട്ട മാർഗ്ഗങ്ങളിലൂടെയും 2018 ജനുവരി മാസം ഏകദേശം 1015 കോടി രൂപയും മറ്റിനങ്ങളിൽ 69 കോടി രൂപയും ഉൾപ്പെടെ ആകെ 1084 കോടി രൂപയാണ് വരുമാനം. |
| (എഫ്) പ്രസ്തുത സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നത് ലാഭത്തിലാണോ നഷ്ടത്തിലാണോ; വിശദാംശം വെളിപ്പെടുത്തുമോ? | (എഫ്) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2016-17 സാമ്പത്തിക വർഷത്തെ നഷ്ടം 1494.63 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ